"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ഇടമലക്കുടി ഗ്രാമപഞ്ചായത്തിലെ മരാമത്ത് പ്രവർത്തികൾക്ക് 20 ശതമാനം അധിക കൺവെയൻസ് ചാർജ് ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കാൻ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.1073/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 02/06/2021

---

പരാമർശം:- 1 സ.ഉ.(സാധാ)നം.188/2015/തസ്വഭവ, തീയതി 20.01.2015.

2 ഇടമലക്കുടി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 07.10.2020-ലെ A1-685/15 -ാം നമ്പർ കത്ത്.

3 വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 21.10.2020 ൽ നടന്ന യോഗത്തിന്റെ തീരുമാനം 4.25 (i).

4 തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 05.11.2020-ലെ ഡിബി3-753/2013/സിഇ/തസ്വഭവ -ാം നമ്പർ റിപ്പോർട്ട്.

**ഉത്തരവ്**

കേരളത്തിലെ ഏക ഗോത്രവർഗ്ഗ ഗ്രാമപഞ്ചായത്തായ ഇടമലക്കുടി ഗ്രാമപഞ്ചായത്ത്, ജീവിത സാഹചര്യത്തിലും വികസനത്തിലും വളരെ പിന്നാക്കം നിൽക്കുന്ന തദ്ദേശ സ്ഥാപനമാണ്. നിരപ്പായ റോഡുകളുടെ അഭാവത്താൽ നിർമ്മാണ സാമഗ്രികൾ സ്വാഭാവികമായി വാഹനത്തിൽ എത്തിക്കാൻ സാധിക്കാത്തതിനാൽ പ്രസ്തുത പഞ്ചായത്തിൽ ആയത് തലച്ചുമടായി എത്തിക്കുന്നതിന് കിലോയ്ക്ക് 20 രൂപ നിരക്കിൽ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തുന്നതിന് പരാമർശം (1) പ്രകാരം അനുമതി നൽകിയിരുന്നു.

2. നിലവിൽ മൂന്നാർ കോസ്റ്റ് ഇൻഡക്സ്, ഓവർ ഹെഡ് ചാർജ് ആണ് പഞ്ചായത്തിലെ മരാമത്ത് പ്രവർത്തികളുടെ എസ്റ്റിമേറ്റുകളിൽ ഉൾപെടുത്തുന്നതെന്നും തീർത്തും ദുർഘടം പിടിച്ച പാതയിലൂടെ പല ട്രിപ്പുകളിലായി ജീപ്പ് മുഖേന മാത്രമേ നിർമ്മാണ സാമഗ്രികൾ എത്തിക്കാനാകു എന്നതിനാൽ മേൽ കോസ്റ്റ് ഇൻഡക്സ് തീർത്തും അപര്യാപ്തമാണെന്നും ആയതിനാൽ ഇനി ടെൻഡർ ചെയ്യുന്ന പ്രവർത്തികൾക്ക് സിമന്റ്, കമ്പി, മണൽ, മെറ്റൽ മുതലായ സാധന സാമഗ്രികൾ എത്തിക്കുന്നതിന് എസ്റ്റിമേറ്റ് തുകയുടെ പരമാവധി 20% അഡീഷണൽ കൺവെയൻസ് ചാർജ് ഇനത്തിൽ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തുന്നതിന് അനുമതി നൽകണമെന്നും ഇടമലക്കുടി ഗ്രാമപഞ്ചായത്ത് സെക്രട്ടറി ഭരണസമിതി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പരാമർശം (2) പ്രകാരം അപേക്ഷിച്ചിരുന്നു.

3. ഇടമലക്കുടി ഗ്രാമപഞ്ചായത്തിൽ പ്രവർത്തികൾ ഏറ്റെടുക്കുന്ന കരാറുകാർക്ക് നിർമ്മാണ സാമഗ്രികൾ എത്തിക്കുന്ന ഇനത്തിൽ കൂടുതൽ ചെലവ് വരുന്നതിനാൽ കരാറുകാർ

പ്രവർത്തികൾ ഏറ്റെടുക്കാൻ വിമുഖത കാണിക്കുന്നത് പഞ്ചായത്തിന്റെ പദ്ധതി വിനിയോഗത്തെ കാര്യമായി ബാധിക്കുന്നുണ്ടെന്നും നിലവിൽ അനുവദിച്ചിട്ടുള്ള മൂന്നാർ കോസ്റ്റ് ഇൻഡക്സ്, ഓവർ ഹെഡ് ചാർജ് എന്നിവ അപര്യാപ്തമായതിനാൽ നിലവിലെ കൺവെയൻസ് ചാർജ്ജിനൊപ്പം 20% അഡിഷണൽ കൺവെയൻസ് ചാർജ് കൂടി അനുവദിക്കാവുന്നതാണെന്നും തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ പരാമർശം (4) പ്രകാരം ശിപാർശ ചെയ്തിട്ടുണ്ട്.

4. 3-ാം പരാമർശിത യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഇടമലക്കുടി ഗ്രാമപഞ്ചായത്തിലെ പ്രത്യേക സാഹചര്യം പരിഗണിച്ച്, മരാമത്ത് പ്രവർത്തികൾക്ക് 20 ശതമാനം അധിക കൺവെയൻസ് ചാർജ് ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കാൻ അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സി.എസ്.ശ്രീകല
ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ
ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്
ഇടുക്കി ജില്ലാ ആസൂത്രണ സമിതി അധ്യക്ഷൻ
സെക്രട്ടറി/ പ്രസിഡന്റ്, ഇടമലക്കുടി ഗ്രാമപഞ്ചായത്ത്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
വിവര പൊതുജനസമ്പർക്ക(വെബ് & ന്യൂ മീഡിയ) വകുപ്പ്
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Digitally signed by
SURESHKUMAR K
Date:Thu Jun 03 12:32:09 IST 2021
Reason: Approved
സെക്ഷൻ ഓഫീസർ

പകർപ്പ്
ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് അഡിഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്